# പ്ലാച്ചിമട കോളവിരുദ്ധസമരം ആറുമാസം പിന്നിടുന്നു

കേരളീയം ന്യൂസ്സർവ്വീസ്

പാലക്കാട്: പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിക്കെതിരെയുള്ള നാട്ടുകാരുടെ ചെറുത്തുനില്പ് ആറു മാസം പിന്നിട്ടു. നാടിന് നാശം വരുത്തുകയും തങ്ങളുടെ കുടിവെള്ളം മുട്ടിക്കുകയും ചെയ്യുന്ന കമ്പനി അടച്ചുപൂട്ടുക എന്ന ലക്ഷ്യം പൂർത്തീകരിക്കാനായിട്ടില്ലെങ്കിലും സമരത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞുവെന്നത് നേട്ടമായി ജനങ്ങൾ കരുതുന്നു.

പി.യു.സി.എൽ, ആദിവാസിസംരക്ഷണ സംഘം, മുതലമട ഹരിത ഡെവലപ്മെന്റ് അസോസിയേഷൻ തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിലാണ് സമരം മുന്നോട്ടുപോകുന്നത്. സമരത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് സ്വദേശി ജാഗരൺ മഞ്ചിന്റെ നേതൃത്വത്തിൽ പൊതുയോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

സംസ്ഥാനതലങ്ങളിലും ജില്ലാതലങ്ങളിലും സമരസഹായസമിതി രൂപവത്കരിച്ചിരുന്നെങ്കിലും കാര്യമായ പ്രവർത്തനങ്ങളൊന്നും നടത്താനായിട്ടില്ല.

തങ്ങളുടെ പേരിൽ ഒട്ടേറെ കേസുകൾ നിലനില്ക്കുന്നത് പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നതായി സമരസമിതി പ്രവർത്തകർ പറയുന്നു. പണത്തിന്റെ അപര്യാപ്തതയും സമരത്തിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഏതാണ്ട് 10000 രൂപ ഇപ്പോൾ ബാധ്യതയുള്ളതായി അവർ ചൂണ്ടിക്കാണിക്കുന്നു. കടം തീർക്കാതെ ഇനിയൊരു പരിപാടിയും സംഘടിപ്പിക്കാനാകില്ലെന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. ഈ പ്രതിസന്ധി പരിഹരിക്കാൻ സംഭാവന നൽകി സഹകരിക്കാൻ സമരസമിതി അഭ്യർത്ഥിച്ചു. തുക അയക്കേണ്ട വിലാസം: അറുമുഖൻ പത്തിച്ചിറ, വർക്കിങ്ങ് കമ്മിറ്റി കൺവീനർ, കൊക്കകോള വിരുദ്ധസമരസമിതി, മുതലമട-പി.ഒ., പാലക്കാട്.